

# പുതുപ്പള്ളി പെരുന്നാൾ ഇന്നും നാളെയും

പുതുപ്പള്ളി പള്ളിവാസം
ഗീവറുഗീസ് നാമനാഥം
അശ്വാരൂഢം വ്യാളിനാശം
നിത്യം ഭജേ കാവൽനാഥം

**പൗ**രസത്യ ജോർജിയൻ തീർത്ഥാടന കേന്ദ്രമായ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിലെ വിശുദ്ധ ഗീവർഗീസ് സഹദയുടെ ഓർമ്മ പെരുന്നാളിന്റെ പ്രധാന ചടങ്ങുകൾ ഇന്നും നാളെയും നടക്കും. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലീക്കാ ബാവയുടെയും സഭയിലെ മെത്രാപ്പോലീത്താമാരുടെയും കാർമ്മികത്വത്തിലാണ് പെരുന്നാൾ ചടങ്ങുകൾ നടക്കുക. ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള പ്രഥമ ദേവാലയമാണ് ഇത്. ഒൻപതു ത്രോണോസുകൾ ഉള്ള ഏക ദേവലയവും ഇത് തന്നെയാണ്. വി.ഗീവർഗീസ് സഹദായെ കൂടാതെ വി.ബഹനാൻ സഹദാ, പ.ദൈവമാതാവ്,മർത്ത്ശമുനിയമ്മ,മർത്ത് യുലീത്തി,തോമ്മശ്ളീഹാ, പരുമല തിരുമേനി,വട്ടശേരിൽ തിരുമേനി,പമ്പാടി തിരുമേനി എന്നിവരുടെ നാമത്തിലാണ് ത്രോണോസുകൾ സ്ഥാപിച്ചിരിക്കുന്നത്.



ഇന്ന് രാവിലെ 11ന് പൊന്നിൻ കുരിശ് പുറത്തെടുക്കുന്നു. ഉച്ചയ്ക്ക് 2ന് വിറകിടീൽ ഘോഷയാത്ര, വൈകിട്ട് 5.30ന് പന്തിരുനാഴി പുറത്തെടുക്കുന്നു. 6ന് സന്ധ്യനമസ്ക്കാരം, 7.30ന് അനുസ്മരണ പ്രഭാഷണം, 8ന് കവല ചുറ്റിയുള്ള ആഘോഷപൂർവ്വമായ റാസ, രാത്രി 10ന് കരിമരുന്ന് കലാപ്രകടനം, രാത്രി 1ന് വെച്ചൂട്ടിനുള്ള അരിയിടീൽ. നാളെ രാവിലെ 9ന് ഒൻപതിൻമേൽ കുർബാന, 11ന് വാഴ്വ്, 11.10ന് ചരിത്രപ്രസിദ്ധമായ വെച്ചൂട്ട്, കുട്ടികൾക്കുള്ള ആദ്യ ചോറൂട്ട്, ഉച്ചയ്ക്ക് 2ന് അങ്ങാടി ചുറ്റിയുള്ള റാസ, വൈകിട്ട് 4ന് നേർച്ച വിളമ്പ്.

---

നേർച്ച കാഴ്ചകൾക്ക്

**വികാരി/ കൈക്കാരൻ**
**സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച്**
പുതുപ്പള്ളി, കോട്ടയം 686011
ഫോൺ: 0481 2352404, 2351808
web: www.puthuppallypally.in
e mail: puthuppallypally123@gmail.com

പെരുന്നാൾ ആശംസകൾ...



എൻ.ജെ പ്രസാദ്
ജില്ലാ പഞ്ചായത്ത്
അംഗം
കോട്ടയം
ഫോൺ 9497587383

പെരുന്നാൾ ആശംസകൾ...



ഫിൽസൺ മാത്യൂസ്
ജില്ലാ പഞ്ചായത്ത്
അംഗം, കോട്ടയം
ഫോൺ 9447208454

പുതുപ്പള്ളി പെരുന്നാളിന്
ആശംസകൾ...

CSDS
ചേരമ സാംബവ ഡെവലപ്പ്മെന്റ്
സൊസൈറ്റി
താലൂക്ക് കമ്മറ്റി കോട്ടയം